പുതുക്കി നൽകുമ്പോൾ തെരഞ്ഞെടുപ്പെന്നും സാമ്പത്തിക ഞെരുക്കമെന്നുമൊക്കെ പറയും. അങ്ങനെ ഓരോരോ കാരണങ്ങൾ കണ്ടെത്തി ഫയൽ മടക്കുകയാണ് പതിവ്. ഈ കാര്യത്തിൽ പലപ്പോഴായി ഇതേ സഭയിൽ നൽകിയ ഉറപ്പുപോലും പാലിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും ഇപ്രകാരം ഫയൽ തട്ടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. തികച്ചും അപകടസ്ഥിതിയിലായിട്ടുള്ള ഈ പാലം ഏത് സമയവും അപകടത്തിലാകാം. നിരവധി അപകടങ്ങളുണ്ടാകാം. അതിന്റെ പരിപൂർണ്ണമായ ഉത്തരവാദിത്തം ഈ ഗവൺമെന്റ് ഏറ്റെടുക്കേണ്ടിവരും. ഞാനത് ധനകാര്യവകുപ്പിന്റെ ചുമതലയുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയോട് പറഞ്ഞതാണ്. തൃശ്ശൂർ മെഡിക്കൽ കോളേജ്, പ്രസിദ്ധമായ തിരുവില്വാമല ക്ഷേത്രം എന്നിവിടങ്ങളിലേക്ക് രോഗികളും തീർത്ഥാടകരും യാത്രചെയ്യുന്ന തിരക്കുപിടിച്ച റൂട്ടിലാണ് പാലം സ്ഥിതിചെയ്യുന്നത്. ഈ റൂട്ടിലെ വാഹനത്തിരക്കും സ്ഥലത്തിന്റെ പ്രാധാന്യവും പാലത്തിന്റെ അപകടാവസ്ഥയും പരിഗണിച്ച് അത്തിപ്പൊറ്റ പാലം പുനർനിർമ്മിക്കാൻ 2009-ൽ നൽകിയ എ. എസ്. പരിശോധിച്ച് ഈ സാമ്പത്തിക വർഷം തന്നെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇനി ഇത് ഒരു സബ്മിഷനായി ഇവിടെ കൊണ്ടുവരാൻ ബഹുമാനപ്പെട്ട മന്ത്രി എന്നെ നിർബന്ധിപ്പിക്കരുത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഈ സബ്മിഷനിൽ പറഞ്ഞിട്ടുള്ള കാര്യം വളരെ പ്രധാനപ്പെട്ടതാണ്. 2009-ലെ സ്റ്റിമുലസ് പാക്കേജിലാണ് ഈ പാലം അനുവദിച്ചത്. അന്ന് അനുവദിക്കുമ്പോൾ ഈ പാലത്തിന് സ്ഥലം ഏറ്റെടുത്തിട്ടില്ലായിരുന്നു. സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടായ ബുദ്ധിമുട്ടാണ് ഇതിൽ സംഭവിച്ചത്. അല്ലാതെ മറ്റ് വിഷമങ്ങളൊന്നുമുണ്ടായിരുന്നില്ല. ഇപ്പോൾ സ്ഥലം ലഭിച്ചിട്ടുണ്ട്. സ്ഥലം കിട്ടിയപ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് എട്ട് കോടി രൂപ ഇപ്പോൾ ആവശ്യമുണ്ട്. തീർച്ചയായും അടുത്ത ബഡ്ജറ്റ് കഴിഞ്ഞതിനുശേഷം അത് ഏറ്റവും പ്രധാനപ്പെട്ട ലിസ്റ്റിൽ ഉൾപ്പെടുത്തി എ.എസ്. കൊടുക്കാനുള്ള നടപടി സ്വീകരിക്കാം.

IX മേശപ്പുറത്തുവച്ച കടലാസ്സുകൾ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസ് (2015-ലെ 2-ാം നമ്പർ ഓർഡിനൻസ്)

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2015-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് (2015-ലെ 3-ാം നമ്പർ ഓർഡിനൻസ്)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ് (2015-ലെ 1-ാം നമ്പർ ഓർഡിനൻസ്)

ചട്ടം 47(2) അനുസരിച്ചുള്ളത്

1. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 7975-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ എട്ടാം സമ്മേളനത്തിലെ 568, 579, 610 പത്താം സമ്മേളനത്തിലെ 618, പതിനൊന്നാം സമ്മേളനത്തിലെ 6567, പന്ത്രണ്ടാം സമ്മേളനത്തിലെ 505, 508, 560, 2399 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 646, 2462 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly